## Terms & Condition

- അപേക്ഷകർ തൃശ്ശൂർ പാർലിമെന്റ് മണ്ഡലത്തിലെ MP's ഹബ്ബ് സ്ഥാപിക്കുന്ന പഞ്ചായത്ത്/മുൻസിപാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് സ്ഥിര താമസിക്കുന്നവരായിരിക്കണം.
- MP's സർവ്വീസ് ഹബ്ബിന്റെ ചുമതലയിലേക്ക് നിയമിക്കുന്ന വ്യക്തികളുടെ ഔദ്യോഗിക നാമം മാനേജർ എന്നായിരിക്കും. 40 വയസ്സിനു താഴെ പ്രായമുള്ളവരായിരിക്കണം.
- ഡിഗ്രി കോഴ്സ് പാസായിട്ടുള്ളവരും, ഇംഗ്ലീഷിലും, കമ്പ്യൂട്ടർ ഉപയോഗത്തിലും സാമന്യ വിജ്ഞാനം ഉള്ളവരുമായിരിക്കണം.
- യാതൊരു ക്രിമിനൽ കേസ്സുകളിലും പ്രതിയായിട്ടുള്ളവരോ മുൻപ് ശിക്ഷിക്കപ്പെട്ടിട്ടുള്ളവരോ സ്വഭാവ ദൂഷ്യത്തിന് പോലീസ് നടപടികൾക്ക് വിധേയവരോ ആയിക്കൂടാ.
- അപേക്ഷകന്റെ സ്വന്തമായ ചിലവിൽ ഏറ്റവും ചുരുങ്ങിയത് 100 സ്വകയർ ഫീറ്റ് വിസ്തൃതിയുള്ള കോൺക്രീറ്റ് ചെയ്തതും, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നമ്പർ ലഭിച്ചതും, വൈദ്യുതി കണക്ഷൻ ഉള്ളതുമായ കെട്ടിടം ഉണ്ടായിരിക്കണം.ഉടമസ്ഥാവകാശം/വാടക.
- ഒരാൾക്ക് ഒന്നിൽക്കൂടുതൽ അപേക്ഷകൾ സമർപ്പിക്കാൻ സാധിക്കില്ല.
- MP's സർവ്വീസ് ഹബ്ബിന് പ്രത്യേകം കളർ കോഡ് ഉണ്ടായിരിക്കും.
- MP's സർവ്വീസ് ഹബ്ബ് മാനേജരായി നിയമിക്കപ്പെട്ടു കഴിഞ്ഞാൽ പ്രസ്തുത ഹബ്ബ് നടത്തുന്ന സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റുമായി ഒരു എഗ്രിമെന്റ് ഉണ്ടാക്കേണ്ടതാണ്.
- MP's സർവ്വീസ് ഹബ്ബിന്റെ മേൽ നോട്ടം പൂർണ്ണമായും സ്നേഹപൂർവ്വം ചാരിറ്റബൾ ട്രസ്റ്റിനായിരിക്കും.
- യാതൊരു കാരണവശാലും മത – സമുദായിക – രാഷ്ട്രീയ പ്രവർത്തന കേന്ദ്രമായി സർവ്വീസ് ഹബ്ബ് മാറ്റിക്കൂടാ.
- രാജ്യ ദ്രോഹ പ്രവർത്തനങ്ങൾ നടത്തുന്നതായി ആരോപണ വിധേയരായവർ, മദ്യം മയക്കുമരുന്ന് ഉപയോഗിക്കുന്നവർ, ക്രിമിനൽ സ്വഭാവമുള്ളവർ, സമൂഹ്യമാധ്യമങ്ങളിലൂടെ വ്യക്തികളെ, പ്രസ്ഥാനങ്ങളെ ആക്ഷേപിക്കുന്നവർ, സാമ്പത്തിക ആരോപണ ങ്ങൾക്ക് വിധേയരായവർ, ഇവരെയൊന്നും MP's സർവ്വീസ് ഹബ്ബുകളുമായി ബന്ധപ്പെടുത്തുവാൻ പാടുള്ളതല്ല.
- MP's സർവ്വീസ് ഹബ്ബ് നടത്തുന്നതിനായി മാനേജർ സ്ഥാനത്തേക്ക് സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റ് തെരഞ്ഞെടുക്കുന്ന വ്യക്തിയ്ക്ക് യാതൊരു വിധ ശമ്പളമോ, അലവൻസുകളോ, എം പി യോ, സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റോ നൽകുന്നതല്ല.
- MP's സർവ്വീസ് ഹബ്ബ് മുഖാന്തിരം നടത്തുന്ന സേവനങ്ങൾക്ക് സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റ് നിശ്ചയിക്കുന്ന ഓണറേറിയം സ്വീകരി

ക്കാവുന്നതാണ്. ഇതിൽ നിന്നും കെട്ടിടത്തിന്റെ വാടക, വൈദ്യുതി-ടെലിഫോൺ-നെറ്റ് എന്നിവയുടെ ചാർജ്ജുകൾ നൽകേണ്ടതാണ്. നിങ്ങളുടെ വരുമാനവും കണ്ടെത്താവുന്നതാണ്.

- MP's സർവ്വീസ് ഹബ്ബ് മുഖാന്തിരം നടത്തുന്ന പ്രവർത്തനങ്ങളും വരവും-ചിലവും കൃത്യമായി ക്ലിപ്തപ്പെടുത്തേണ്ടതാണ്. ഇത മുഖാന്തിരം ലഭിക്കുന്ന വരുമാനം ഹബ്ബ് നടത്തുന്നതിന് ചുമതലപ്പെടുത്തിയ വ്യക്തിയ്ക്ക് ചാരിറ്റബിൾ ട്രസ്റ്റിന്റെ അറിവോടെ സ്വന്തമാക്കാവുന്നതാണ്.
- പ്രതിമാസം 1000 (ആയിരം) രൂപ സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റിന് ഓരോ MP's സർവ്വീസ് ഹബ്ബും നൽകേണ്ടതാണ്.
- സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റിന്റെ അംഗീകാരം വാങ്ങാതെ യാതൊരു ഉൽപ്പന്നങ്ങളും, സേവനങ്ങളും സർവ്വീസ് ഹബ്ബുകൾ മുഖാന്തിരം നൽകാൻ പാടുള്ളതല്ല.
- സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റിന്റെ മാർഗനിർദ്ദേശങ്ങളും, നിബന്ധനകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടാൽ സർവ്വീസ് ഹബ്ബ് നടത്തുവാൻ ട്രസ്റ്റ് ചുമതലപ്പെടുത്തിയ വ്യക്തിയെ കാരണം കാണിക്കാതെ തന്നെ പിരിച്ച് വിടാനുള്ള അധികാരം ചാരിറ്റബിൾ ട്രസ്റ്റിൽ നിക്ഷിപ്തമായിരിക്കും.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും MP's സർവ്വീസ് ഹബ്ബിന് ലൈസൻസ് എടുക്കുമ്പോൾ അത് സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ ആയിരിക്കും.
- സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുടെ യാതൊരു വിധ സാമ്പത്തിക ഇടപാടുകളും MP's സർവ്വീസ് ഹബ്ബ് മുഖാന്തിരം നടത്തുവാൻ പാടുള്ളതല്ല.
- MP's സർവ്വീസ് ഹബ്ബിൽ വിവിധ സേവനങ്ങൾക്കായി വരുന്ന വ്യക്തികളുടെ വ്യക്തിപരവും, സാമൂഹ്യപരവുമായ യാതൊരു വിവരണങ്ങളും മറ്റാർക്കും (സംഘടനകൾക്കും-സ്ഥാപനങ്ങൾക്കും) കൈമാറാൻ പാടുള്ളതല്ല.
- എല്ലാ സർവ്വീസ് ഹബ്ബുകളുടെയും മേൽനോട്ടം സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റ് അധികാരപ്പെടുത്തുന്ന ജനറൽ മാനേജറിൽ ആയിരിക്കും. ജനറൽ മാനേജർക്ക് ഏത് സമയത്തും സർവ്വീസ് ഹബ്ബുകളിൽ വന്ന് പരിശോധന നടത്തുവാൻ അധികാരമുണ്ടായിരിക്കും.
- മാസത്തിൽ ഒരിക്കൽ സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാനോ,ചെയർമാൻ പ്രത്യേകം ചുമതലപ്പെടുത്തുന്ന വ്യക്തിയോ സർവ്വീസ് ഹബ്ബുകൾ പരിശോധിക്കുന്നതാണ്.
- MP's സർവ്വീസ് ഹബ്ബിന്റെ ഓരോ പ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമായിരിക്കും.

- MP’s സർവ്വീസ് ഹബ്ബ് മാനേജരായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കൃത്യമായും പരിശീലനം നൽകുന്നതാണ്. പരിശീലനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

- MP’s സർവ്വീസ് ഹബ്ബ് തുടങ്ങുന്നത് സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ ആയിരിക്കും. കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, സിസിടിവി, ഫർണ്ണീച്ചർ എന്നിവ സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റ് അനുവദിക്കും. ഒപ്പം സേവനങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങളും ചെയ്യുന്നതാണ്.

- MP’s സർവ്വീസ് ഹബ്ബിന് വേണ്ടി മാനേജരായി നിയമിക്കപ്പെടുന്ന വ്യക്തി സ്വന്തം നിലയിൽ വാടകയ്ക്ക് കണ്ടെത്തുന്ന സ്ഥലത്തിന്റെ കെട്ടിട ഉടമയുമായുള്ള എഗ്രിമെന്റ് സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറിയുടെ പേരിലായിരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസും.

- കെട്ടിടത്തിന്റെ പ്രതിമാസ വാടക സർവ്വീസ് ഹബ്ബിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നും നൽകേണ്ടതാണ്.

- MP’s സർവ്വീസ് ഹബ്ബ് മാനേജരായി നിയമിതനായ വ്യക്തി യാതൊരു കാരണവശാലും മറ്റൊരാൾക്ക് സർവ്വീസ് ഹബ്ബ് നടത്തുവാൻ കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.

- MP’s സർവ്വീസ് ഹബ്ബുകൾക്ക് പ്രാദേശിക ഉപദേശക സമിതി ഉണ്ടായിരിക്കും. സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റ് സമിതി അംഗങ്ങളെ നിശ്ചയിച്ച് നൽകും.

- പ്രദേശിക ഉപദേശക സമിതികളുടെ ചുമതല MP’s സർവ്വീസ് സെന്ററുകൾക്ക് ആവശ്യമായ സഹായങ്ങൾ നൽകൽ മാത്രമാണ്. ദൈനം ദിന പ്രവർത്തനങ്ങളിൽ ഇടപെടുവാൻ അധികാരം ഉണ്ടായിരിക്കുന്നതല്ല.

- സ്നേഹപൂർവ്വം ചാരിറ്റബിൾ ട്രസ്റ്റിന്റെ ലീഗൽ അഡ് വൈസർമാരുടെ സേവനങ്ങൾ നിയമ പ്രശ്നങ്ങളിൽ സ്വീകരിക്കേണ്ടതാണ്.